**File No.TCPCTP/173/2019-C1**

**<u>ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല -വാളകം ഗ്രാമപഞ്ചായത്ത് - വാളകം വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) വാളകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/11/18, 23/03/19 തീയതികളിലെ സി7/2793/18 നമ്പർ കത്ത്.

2) എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 29/12/18, 09/04/19 തീയതികളിലെ യഥാക്രമം സി/3130/18/കെ.ഡിസ്, സി/848/19/ കെ.ഡിസ് നമ്പർ കത്തുകൾ

===========================================================

**കെട്ടിട നിർമ്മാണ അപേക്ഷാ വിഭാഗം**

**ഉത്തരവ് നം. TCPCTP/173/2019-C1.** **തീയതി : 16/05/2019**

===========================================================

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാളകം വില്ലേജിൽ സർവ്വേ നമ്പർ 205/5-3-ൽ പ്പെട്ട 5423 ച.മീ. സ്ഥലത്ത് നിന്നും വേർതിരിച്ച 1600.27 ച.മീ. സ്ഥലത്ത് സെയിൽസ് ബിൽഡിംഗ്, കാനോപ്പി, ടോയിലറ്റ് ഉൾപ്പെടെ 392.25 ച.മീ. വിസ്തീർണ്ണത്തിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കുര്യാക്കോസ്.പി.പി., താണിക്കാട്ട് വീട്, കുന്നക്കാൽ.പി.ഒ., വാളകത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ-2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പവരുത്തിയശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2. കെ.പി.ബി.ആർ 2011-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറംമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. ഖര മാലിന്യ സംസ്കരണം /ഉപരിതല ജല നിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം

ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.

8. KPBR ചട്ടം 61(16) പ്രകാരം liquid waste management treatment Plant ഉം ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന waste water recycle ചെയ്ത് റീ-യൂസ് ചെയ്യുന്നതിനുള്ള സംവിധാനം ചട്ടം 61(17) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം.
9. ജില്ലാ കളക്ടറുടെ അനുമതിപത്രത്തിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **41/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

<u>ഉള്ളടക്കം</u> **:** ഒരു സൈറ്റ് പ്ലാൻ

**പി.ആർ. ജയശ്രീ.**
ടൗൺ പ്ലാനർ

(സീൽ: ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, പിൻ-695 003, തിരുവനന്തപുരം)

**സെക്രട്ടറി**, വാളകം ഗ്രാമപഞ്ചായത്ത്.

<u>പകർപ്പ്</u> **:** 1) ശ്രീ. കുര്യാക്കോസ്.പി.പി., താണിക്കാട് (വീട്), കുന്നക്കാൽ.പി.ഒ., വാളകം-682 316, മൂവാറ്റുപുഴ
2) സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3) വെബ് സൈറ്റ്. 4) കരുതൽ ഫയൽ. 5) അധികം.